


# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 3 ● ISSUE : 5 MAY 2009


## എഡിറ്റോറിയൽ

## വിശ്വാസവും സംശയവും

ഒരിക്കൽ ഒരു വിശ്വാസി പറഞ്ഞ വാക്കുകൾ സഭാംഗങ്ങളുടെ കാര്യത്തിൽ പ്രസക്തമാണ്. അയാൾ പറഞ്ഞത് അന്ധവിശ്വാസമെന്നത് ക്രൃസ്ത്യാനിക്ക് എതിരല്ല എന്നാണ്. മനസ്സിനെ നിയന്ത്രിക്കുവാൻ പ്രയാസമുള്ളവർക്ക് ഒരു പരിധിവരെ അങ്ങനെയുള്ള വിശ്വാസം ആശ്വാസമാകും. കൺമുമ്പിൽ കാണുന്നതേ വിശ്വസിക്കൂ എന്നു വാശി പിടിക്കരുത്. നമ്മുടെ അറിവിനും അപ്പുറമുള്ള കാര്യങ്ങൾ പലതുമുണ്ടല്ലോ. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരെന്ന് കർത്താവു പഠിപ്പിച്ചിട്ടുമുണ്ട്. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ് റോമൻ ചക്രവർത്തിയുടെ പ്രതിമയ്ക്കു മുമ്പിൽ കുമ്പിടുവാൻ വിസമ്മതിച്ച ദൈവ വിശ്വാസിയോട് വിജാതീയനായ ന്യായാധിപൻ പറഞ്ഞു "നീ എന്റെ ആജ്ഞ അനുസരിച്ചില്ലെങ്കിൽ നിന്റെ ശരീരത്തിനു മുകളിൽ തലകാണില്ല" എന്ന്. വിശ്വാസിയുടെ മറുപടി ഇങ്ങനെയായിരുന്നു. സർ, അങ്ങേയ്ക്ക് എന്റെ ശരീരത്തിൽ നിന്ന് ശിരസ് വേർപെടുത്താൻ സാധിച്ചേക്കും. പക്ഷേ എന്റെ ഹൃദയത്തിൽ നിന്ന് ക്രിസ്തുവിനെ വേർപെടുത്താൻ സാദ്ധ്യമല്ല.

ശലോമോൻ രാജസ്ഥാനമേറ്റെടുത്തപ്പോൾ സ്വന്തകഴിവുകേടിനേപ്പറ്റി ഭയപ്പെട്ടെങ്കിലും, ദൈവവിളിയിൽ വിശ്വസിച്ച് ഭരണഭാരം കൈയ്യേറ്റു. അധികം കൊണ്ടോ, അല്പം കൊണ്ടോ രക്ഷിപ്പാൻ യഹോവയ്ക്ക് പ്രയാസം ഇല്ലല്ലോ (ശമു 14.6). സംശയങ്ങളുടെ നടുവിൽ നില്ക്കുമ്പോഴും ധീരമായി, ഉത്തമബോദ്ധ്യങ്ങൾക്കനുസരിച്ച് കാൽവയ്ക്കുന്നതാണ് വിജയരഹസ്യം.

നയാഗ്രാവെള്ളച്ചാട്ടത്തിനു താഴെയായി ശക്തിയായ ഒഴുക്കുള്ളിടത്ത് കുറുകെ കടക്കുന്നതിനായി ഒരിക്കൽ സ്റ്റോൺ വോൾ ജാക്സൺ എന്ന മിഷനറിയും, അദ്ദേഹത്തിന്റെ സഹോദരിയും വള്ളത്തിൽ കയറി. വള്ളം ആടിയുലഞ്ഞപ്പോൾ സഹോദരി ഭയപ്പെട്ടു. സ്റ്റോൺവാൾ അവരെ ബലമായി പിടിച്ചുകൊണ്ട് വള്ളം തുഴഞ്ഞിരുന്നവനോട് ഇങ്ങനെ ചോദിച്ചു. നിങ്ങൾ എത്രകാലമായി ഈ വള്ളം തുഴയുന്നുണ്ട്. അയാൾ പറഞ്ഞു പന്ത്രണ്ടുവർഷമായി ഇവിടെ വള്ളം തുഴയുന്നു എന്ന്. ഇതുവരെ അപകടമൊന്നുമുണ്ടായിട്ടില്ലേ. ഇല്ലെന്നു മറുപടി. സഹോദരിയെ സമാശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. നമുക്കു വള്ളം തുഴയാൻ അയാളോളം അറിയില്ല. അതുകൊണ്ട് അവരുടെ കഴിവിൽ ആശ്രയിച്ചുകൊണ്ട് സമാധാനമായിരുന്നുകൂടെ.

സംശയത്തിലും അനിശ്ചിതത്വത്തിലും പെട്ട് സമാധാനം നഷ്ടപ്പെടുന്ന വിശ്വാസിക്ക് ഇതുപോലുള്ള ധൈര്യപ്പെടുത്തലുകളാണാവശ്യം. നമുക്ക് സംശയങ്ങൾ ഉണ്ടാകാം. തോമസ് അപ്പോസ്തലൻപോലും യേശുവിന്റെ ഉയിർപ്പ് ആദ്യം അവിശ്വസിച്ചില്ലേ. സംശയങ്ങൾ ബോധപൂർവ്വം തരണംചെയ്യുവാനും, തന്നിൽ ആശ്രയിക്കുന്നവരെ കാത്തുസൂക്ഷിക്കുവാൻ യേശുവിനു കഴിയും എന്നു വിശ്വസിക്കുവാനും സാധിച്ചാൽ ദൈവസ്നേഹത്തിൽ നാം സുരക്ഷിതരാകും.

1939, രണ്ടാം ലോക മഹായുദ്ധം തുടങ്ങിയ കാലം. ബ്രിട്ടീഷുകാർ ഹിറ്റ്ലറെ ഭയന്നിരിക്കുമ്പോൾ ജോർജ്ജ് ആറാമൻ രാജാവിന്റെ ക്രിസ്തുമസ് സന്ദേശത്തിന്റെ അവസാനം മിനിലൂയി ഹാസ്കിൻസ് എന്ന എഴുത്തുകാരനെ ഉദ്ധരിച്ചുകൊണ്ടായിരുന്നു. പുതുവർഷത്തിന്റെ പ്രവേശനകവാടത്തിൽ നിൽക്കുന്ന മനുഷ്യനോട് ഞാൻ പറഞ്ഞു. അറിയപ്പെടാത്ത ഇടങ്ങളിലേക്ക് പ്രവേശിക്കുവാൻപോകുന്ന എനിക്ക് വഴി ശരിയായി കാണ്മാൻ വെളിച്ചം തരിക. അയാൾ പ്രതിവചിച്ചു. അന്ധകാരത്തിലേക്ക് ഇറങ്ങിച്ചെന്ന് നിന്റെ കൈ ദൈവത്തിന്റെ കരങ്ങളിൽ വെച്ചുകൊൾക. അത് വെളിച്ചത്തെക്കാൾ വ്യക്തമായി നിന്നെ വഴിനടത്തും. പരിചയമുള്ള വഴിയേ പോകുന്നതിനേക്കാൾ നിന്നെ കാത്തുകൊൾകയും ചെയ്യും. ■

# മനുഷ്യബന്ധങ്ങളിലെ പാരസ്പര്യം


ഡോ. യാക്കൂബ് മാർ ഐറേനിയസ്




സ്നേഹത്തെ സ്നേഹിക്കുന്നവരാണ് മിക്കവാറും എല്ലാ മനുഷ്യരും. സ്നേഹം ലഭിക്കുക എന്നത് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണുതാനും. സ്നേഹം ലഭിക്കാതായാൽ ജീവിതം വരണ്ടുപോകുകയും ജീവിക്കുവാനുള്ള ഉത്സാഹംതന്നെ നഷ്ടമായി തീരുകയും ചെയ്യുന്നത് സ്വാഭാവികമാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമാണല്ലോ, സ്നേഹമായ ദൈവം മനുഷ്യനെ മനഞ്ഞ് ജീവനുള്ള ദേഹിയാക്കി തീർത്തത്. സ്നേഹം പോലെ മസൃണമായ മറ്റൊരു ഭാവവും വികാരവുമില്ല. അതിന് കാലദേശ പരിഗണനകളോ, ഭാഷാവ്യത്യാസമോ, പ്രായപരിധിയോ ഇല്ല. അത്തരം പരിഗണനകളേയും അന്തരങ്ങളെയുമെല്ലാം അതിലംഘിക്കാൻ ത്രാണിയുള്ളതാണ് സ്നേഹം. സംസാരിക്കുന്നതിനു ത്രാണിയും, പ്രൗഢതയും സ്വായത്തമാക്കുന്നതിന് മുമ്പുതന്നെ മനുഷ്യശിശു സ്നേഹം പ്രകടിപ്പിക്കുകയും സ്നേഹം ഏറ്റുവാങ്ങി ആനന്ദിക്കുകയും ചെയ്യുന്നു.

എന്നാൽ, സ്നേഹം കൊടുക്കുകയും, വാങ്ങുകയും ചെയ്യുമ്പോഴാണ് അത് പൂർണ്ണമാകുന്നത്. വാങ്ങുന്നതിനെക്കാൾ ഏറെ നല്ലത് കൊടുക്കുന്നതാണ് എന്ന പ്രമാണം ഇവിടെ പ്രയുക്തമാണ്. അതു തന്നെയാണ് അതിന്റെ മനോഹാരിതയും. സ്നേഹം ലഭിക്കുന്നില്ല എന്ന പരാതി പറയുന്നവരുണ്ട്. ആരും എന്നെ സ്നേഹിക്കുന്നില്ല എന്ന പരിദേവനം പലയിടത്തും ഇന്നും ഉയരുന്നുമുണ്ട്. സ്നേഹം ലഭിക്കുന്നതിനാഗ്രഹിക്കുന്നതിൽ അസ്വാഭാവികമായി ഒന്നുമില്ല. എന്നാൽ സ്നേഹം നൽകാൻ തയ്യാറാകാത്തതിൽ നിറയെ അസ്വാഭാവികത മാത്രം. നമ്മുടെ സ്വന്തം വിലയിരുത്തലിൽ എല്ലാവരും ക്വാളിഫൈ ചെയ്തെന്നു വരില്ല. മറ്റുള്ളവരിൽ കാണുന്ന അന്തരങ്ങളെ കേവലം വ്യത്യാസങ്ങളായിക്കാണുന്നത് നല്ല ഒരു തുടക്കമാണ്. വ്യത്യാസങ്ങളെയും വൈരുദ്ധ്യങ്ങളെയും അംഗീകരിക്കാതെ ജീവിതം തന്നെ അസാദ്ധ്യമാണ്.

മനുഷ്യബന്ധങ്ങളിൽ തിരിച്ചറിവിന്റെയും, സഹിഷ്ണുതയുടെയും ഒരു പാരസ്പര്യം അനിവാര്യമാണെന്ന് ലോകരക്ഷകൻ പറഞ്ഞുതരുന്നുണ്ട്. മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ (മത്താ 7:12). തികച്ചും മനശാസ്ത്രപരമായ ഒരു പ്രസ്താവനയാണിത്. സ്നേഹം കെട്ടിക്കിടക്കുന്ന ജലാശയമല്ല, മറിച്ച് അത് ഒരു പ്രവാഹമാണ്. അത് ഒരിക്കലും നിശ്ചലമായിരിക്കുന്നില്ല. വ്യക്തിയിൽനിന്ന് വ്യക്തിയിലേക്ക് അത് ഒഴുകിക്കൊണ്ടിരിക്കുന്നു. യേശു തന്റെ ശിഷ്യരെ അവസാനം വരെയും സ്നേഹിച്ചു. അവർ എപ്പോഴും നല്ല സമ്യക്കാക്കി പെരുമാറുന്നവരോ സംസ്കൃതചിത്തരോ ആയിരുന്നില്ല. അത്തരം കാര്യങ്ങളൊന്നും അവരെ സ്നേഹിക്കുന്നതിൽ ഗുരുവിന് തടസ്സമായില്ല.

ഈ പാഠം മനുഷ്യരിലെല്ലാം ഒരു പുനർ വിചിന്തനത്തിന് വകതരുന്നതാണ്. പരിഗണനയും, മുൻഗണനയും, കരുതലും, സ്നേഹവും, ക്ഷമയുമെല്ലാം അന്യരിൽ നിന്ന് നാം പ്രതീക്ഷിക്കുമ്പോൾ അവയെല്ലാം ഒട്ടും കുറയാതെ അവർക്ക് നൽകിയേതീരൂ എന്നാണ് അദ്ദേഹം ആജ്ഞാപിക്കുന്നത്. ഒരുപക്ഷേ ഈ മനോഭാവത്തോടെ മറ്റുള്ളവരോട് പെരുമാറുമ്പോൾ, ഇതെല്ലാം നമുക്കു നൽകാൻ അവർ അധികം തയ്യാറായിരിക്കും. ഈ മനോഭാവം നമ്മെ പുതിയ മനുഷ്യരാക്കുകതന്നെ ചെയ്യും.

ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം എന്ന സ്നേഹപ്രമാണത്തിന്റെ പൊരുൾ ഇതുതന്നെയാണ്. അവിടുന്ന് ആദ്യം നമ്മെ സ്നേഹി


ശേഷം പേജ് 2-ൽ

## വികാരിയുടെ കത്ത്

# വിവാഹ ജീവിതം

**കർത്താവിൽ പ്രിയരേ,**

ഈ കാലങ്ങളിൽ അനേകം കുടുംബങ്ങളിൽ സമാധാനമില്ലാതെ, സന്തോഷമില്ലാതെ ജീവിതം നരകതുല്യമായി മുന്നോട്ടു പോകുന്ന അനേകം ദമ്പതികളെ നമുക്കു ചുറ്റും കാണാം. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. നാം വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഒരു യന്ത്രം വാങ്ങിയാൽ ആ യന്ത്രം എങ്ങനെ ഉപയോഗിക്കണം എന്ന് അറിയാനായി അതോടുകൂടെ ഉപയോഗക്രമങ്ങളെ വിശദമാക്കുന്ന ലഘുലേഖയും നമുക്കു തരും. എത്ര നല്ല ഉപകരണമാണെങ്കിലും അത് നല്ല രീതിയിൽ ഉപയോഗിച്ചില്ല എങ്കിൽ കേടു സംഭവിക്കും. എന്നാൽ ഭാര്യാഭർതൃ ബന്ധത്തിൽ നാം പാലിക്കേണ്ട ഉത്തരവാദിത്വങ്ങളെക്കുറിച്ച് ദൈവവചനം എന്തുപറയുന്നു എന്നു ചിന്തിക്കാം. നമ്മുടെ കുട്ടികൾ നല്ല നിലയിൽ വളരാൻ നാം വിദ്യാഭ്യാസം കൊടുക്കുന്നു. പലപല ക്ലാസുകളിൽ പങ്കെടുപ്പിക്കുന്നു. എന്നാൽ അവരുടെ കുടുംബജീവിതം എങ്ങനെ നയിക്കണം, അതിൽ എങ്ങനെ വിജയം നേടാം, വിവാഹജീവിതം എങ്ങനെ മനോഹരമാക്കാം എന്നിവയെക്കുറിച്ച് ഒരു ട്രെയ്നിങ് നമുക്ക് ആവശ്യമാണ്. അതിനു സഭയിലെ മുതിർന്ന, പക്വതയുള്ള ആളുകളോട്, ജീവിതം എങ്ങനെ വിജയകരമാക്കാമെന്ന് യുവതീയുവാക്കൾ പഠിക്കേണ്ടതാണ്. എന്നാൽ പലരും വളരെ ലാഘവത്തോടെ വിവാഹജീവിതത്തിലേക്കു പ്രവേശിക്കുകയും ജീവിതത്തെക്കുറിച്ച് ശരിയായ ദൈവിക കാഴ്ചപ്പാടില്ലാത്തതിനാൽ തകർന്നുപോകുകയും ചെയ്യുന്ന എത്രയെത്ര സംഭവങ്ങളാണ് നമുക്കു കാണാൻ കഴിയുന്നത്. ആകയാൽ ഈ മാസം ദൈവവചന പ്രകാരം ഭാര്യമാരുടെ പെരുമാറ്റ ചട്ടങ്ങളെയും, ഭർത്താക്കൻമാരുടെ പെരുമാറ്റ ചട്ടങ്ങളെയും കുറിച്ച് അല്പം ചിന്തിക്കാം.

**1) പരസ്പരം നന്മ പറഞ്ഞ് പ്രോത്സാഹിപ്പിക്കുക. തിന്മ ക്ഷമിച്ചു മറക്കുക.** ഭാര്യമാരേ, കർത്താവിന് എന്നപ്പോലെ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങുക. ഭർത്താവിന് കീഴടങ്ങാത്തവൾ കർത്താവിന് കീഴ്പ്പെട്ടിട്ടില്ല (എഫേ 5:22). എഫേ 5:24 ൽ പൗലൂസ് ശ്ലീഹ പറയുന്നു ഭാര്യമാർ ഭർത്താവിന് സകലത്തിനും കീഴടങ്ങേണം. എന്നുപറഞ്ഞാൽ തെറ്റിനു കീഴ്പെടാനല്ല. ഇംഗ്ലണ്ടിലെ ചാൾസ് രാജകുമാരന്റെയും ഡയാന രാജകുമാരിയുടെയും വിവാഹം ആശീർവദിക്കുന്ന സമയത്ത് "ഭർത്താവിന് കീഴടങ്ങേണം" എന്നു പട്ടക്കാരൻ പറഞ്ഞുകൊടുത്തത് ഡയാന പറയാൻ വിസമ്മതിച്ചു എന്ന് കേൾക്കാനിടയായി.

**2) ഭർത്താവ് ഭാര്യയുടെ തലയാണ്.** എഫേ 5:23 കൊലൊ 2:18–19. ചില കുടുംബങ്ങളിൽ ഭർത്താവിനേക്കാൾ വിദ്യാഭ്യാസമുള്ളത് ഭാര്യക്കായിരിക്കും. വരുമാനം ഭാര്യക്കായിരിക്കും കൂടുതൽ. എന്നാൽ അങ്ങനെയുള്ള ഭാര്യമാരും ഭർത്താക്കൻമാർക്ക് കീഴടങ്ങി തന്റെ തല ഭർത്താവാണ് എന്നോർത്ത് ജീവിക്കേണ്ടതാണ് എന്നതാണ് ദൈവീക നീതി.

**3) ഭർത്താവിനെ ഭയപ്പെടേണം.** എഫേ 5:23 എഫേ 5:32, കൊലൊ 3:18. ഒരു ഉയർന്ന പൊലീസ് ഉദ്യോഗസ്ഥനെ നാം ഭയപ്പെടുന്നത് അദ്ദേഹത്തിന്റെ അധികാരത്തെ ഭയപ്പെട്ടിട്ടാണ്. സർവ്വീസിലിരിക്കുന്ന കാലത്തുണ്ടായിരുന്ന ഭയം പെൻഷനായതിനുശേഷം കാണുന്നില്ല. എന്നാൽ ഭർത്താവിനെ ഭയപ്പെടേണം എന്നു പറയുന്നത് സ്നേഹത്തിൽ നിന്ന് ഉടലെടുക്കുന്ന ഭയത്തോടെയാണ്. പൊലീസ് ഓഫീസറെ ഭയപ്പെട്ടത് സ്നേഹത്തിൽ നിന്നല്ല. അദ്ദേഹത്തിന്റെ അധികാരത്തെ ഓർത്തിട്ടാണ്. ഭാര്യ ഭർത്താവിനെ ഭയപ്പെടേണ്ടത് അദ്ദേഹത്തിന്റെ അധികാരത്തെ ഓർത്തിട്ടല്ല, സ്നേഹത്തെപ്രതിയായിരിക്കേണം.

**4) ഭാര്യമാർ വേർപിരിയരുത്.** (1 പത്രോ) 3:1, 1 കൊരി 7:10 ഭാര്യാഭർത്താക്കൻമാർ വേർപിരിഞ്ഞു ജീവിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. ആദാമിന്റെ സാന്നിദ്ധ്യത്തിൽ നിന്ന് അൽപസമയം വേർപിരിഞ്ഞപ്പോഴാണ് ഹവ്വ പിശാചിനാൽ പരീക്ഷിക്കപ്പെട്ടത്. ആകയാൽ ഭാര്യമാർ വേർപിരിയരുത്. പിശാചിനാൽ കൂടുതൽ പരീക്ഷിക്കപ്പെടാം. ഇവിടെ ഒരു ആത്മീക സത്യം ഉണ്ട്. ആദമിനെ സൃഷ്ടിച്ചപ്പോൾ ആദമിൽ ഹവ്വ ഉണ്ടായിരുന്നു. അവൾ സുരക്ഷിതയായിരുന്നു. ആദമിനെ ഉറക്കി ഹവ്വയെ പുറത്തെടുത്ത് അവനു നൽകി. എന്നാൽ ഹവ്വയെ സംരക്ഷിക്കുന്നതിൽ അവൻ പരാജയപ്പെട്ടു. ഹവ്വ പാപം ചെയ്തു.

**5) ഭാര്യ അങ്ങോട്ടുചെന്ന് ഭർത്താവിനോട് നിരന്നുകൊള്ളണം.** (1 കൊരി 7:11) പല പങ്കാളികളും ചിന്തിക്കുന്നത് ഞാനല്ലല്ലോ തെറ്റു ചെയ്തത്. അദ്ദേഹം എന്നോടു നിരപ്പാകട്ടെ. ഞാൻ പോകില്ല എന്നെല്ലാമാണ്. എന്നാൽ സ്ത്രീകൾ ഭർത്താക്കന്മാരോട് നിരപ്പാകാൻ ആദ്യം മുൻകൈ എടുക്കണം എന്നാണ് വേദം അനുശാസിക്കുന്നത്.

**6) ആത്മീകമായ അലങ്കാരം ആഴത്തിലുള്ള സൗമ്യതയാണ്** (1 പത്രോ 3:3–4) മോശ അതിസൗമ്യനായിരുന്നു. സൗമ്യതയും താഴ്മയും യേശുവിന്റെ വാഗ്ദത്തമാണ്. കർത്താവായ യേശുവിനു ജനിക്കാൻതക്കവണ്ണമുള്ള ഒരു സ്ത്രീരത്നത്തെ കാണാൻ പാപം ചെയ്ത മനുഷ്യനുശേഷം പിതാവായ ദൈവം നാലായിരം വർഷം കാത്തിരുന്നു. ഒരു കന്യകമറിയയെ കിട്ടാൻ. യേശു ജനിച്ചു. ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ ഇഷ്ടംപോലെ എനിക്കു ഭവിക്കട്ടേ. എന്തു സൗമ്യത. എന്തു താഴ്മ. എന്നാൽ കർത്താവ് തന്റെ രണ്ടാംവരവ് താമസിപ്പിക്കുന്നത് തന്റെ കാന്തയായ സഭ സൗമ്യതയും താഴ്മയും പൂണ്ട് തന്നെത്തന്നെ ഒരുക്കേണ്ടതിന് അവൻ കാത്തിരിക്കുന്നതുകൊണ്ടാണ്.

**6) നല്ല മാതൃക സാറയുടെ ജീവിതം.** (1 പത്രോ 3:6) സാറയുടെ കുടുംബജീവിതം നല്ല മാതൃക അവൾ ഭർത്താവിനെ യജമാനനേ എന്നു വിളിച്ച് ബഹുമാനിച്ചു. സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും. (ദൈവീകമായ സാമർത്ഥ്യം) അവളുടെ വില മുത്തുകളിലും ഏറും. സദൃ 31.10 പട്ടണത്തിൽ അങ്ങനെയുള്ളവൾ പ്രസിദ്ധരാകും. സദൃ 31.28–31

**8) ഭാര്യ യഹോവ ഭക്തിയുള്ള സ്ത്രീയായിരിക്കണം.** (സദൃ 30) മുന്തിരിവള്ളി ഫലപ്രദമായിരിക്കണം. സങ്കീ 122:3 നന്മ മാത്രം ചെയ്യണം. സദൃ 31:12 തീത്തോ 2.5 ഭർതൃപ്രിയമാരായിരിക്കണം. ഭാര്യമാർ ഭർത്താക്കൻമാർക്ക് ആശ്വാസമാകണം. (ഉൽ 24:67) ഭാര്യമാർ കുടുംബസ്നേഹികളായിരിക്കണം. തീത്തോ 2.5 എസ്ഥേർ 2.17, ഉൽ 29. 20, 30 ഭാര്യമാർ സ്വഭാവഗുണമുള്ളവരായിരിക്കണം.

പ്രിയരേ, ഈ ലക്കം ഭാര്യമാരെ സംബന്ധിക്കന്ന കാര്യം മാത്രമാണ് ഞാൻ എഴുതിയത്. ദൈവം അനുവദിച്ചാൽ അടുത്തമാസം ഭർത്താക്കന്മാരുടെ പെരുമാറ്റച്ചട്ടത്തെ കുറിച്ചും കടമകളെക്കുറിച്ചും എഴുതാം. ആകയാൽ നമ്മുടെ ജീവിതം നമുക്ക് ക്രിസ്തുയേശുവിൽ പണിയാം. മാറ്റേണ്ട സ്വഭാവം മാറ്റി, ചേരേണ്ട നല്ല സ്വഭാവം ക്രിസ്തുയേശുവിൽ നിന്നും പ്രാർത്ഥിച്ചും, പ്രാപിച്ചും കർത്താവിന്റെ വരവിനുവേണ്ടി നമുക്കൊരുങ്ങാം. അതിന് യേശു കർത്താവ് തന്റെ കൃപകൊണ്ട് നിറക്കട്ടേ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

*നിങ്ങളുടെ ഇടമ്പാടത്തച്ചൻ*

---

1–ാം പേജിൽ നിന്നും തുടർച്ച...

ച്ചും, നമ്മിൽനിന്ന് അതേ സ്നേഹം പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇത് നമുക്കു മാതൃകയും വഴികാട്ടിയുമല്ലേ.

സ്നേഹം നൽകുന്നതിനുള്ള മടിയാണ് മനുഷ്യബന്ധങ്ങളിൽ ഉലച്ചിലും വിള്ളലും ഉണ്ടാക്കുന്നത്. സ്നേഹം കേവലം ബുദ്ധിപരമായ ഒരു ചിന്തയോ ഉദിച്ചസ്തമിക്കുന്ന ഒരുവികാരമോ അല്ല. മറിച്ച് യഥാർത്ഥ സ്നേഹം, സ്നേഹപ്രവൃത്തികളിലൂടെ വെളിവാകുന്നതാണ്. പ്രവൃത്തികളില്ലാതായാൽ, വിശ്വാസവും, സ്നേഹവുമെല്ലാം മൃത തുല്യനായിരിക്കും. ഭാരതീയ ചിന്തയിൽ സ്നേഹം ഇങ്ങോട്ടുലഭിക്കാതെപോലും അന്യനെ സ്നേഹിക്കുകയും, അവർക്ക് ഉപകാരം ചെയ്യുകയും ചെയ്യുന്നവൻ ഈശ്വരതുല്യനാണ്, ഉത്തമോത്തമൻ. സ്നേഹം കിട്ടുമ്പോൾമാത്രം തിരിച്ചുകൊടുക്കുന്നവൻ മദ്ധ്യമൻ. സ്നേഹം കിട്ടിയാലും വൈരം തിരിച്ചുനൽകുന്നവൻ അധമൻ. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് സത്യം സ്നേഹമാണ് എന്നാണ്.

പ്രതിഫലമിച്ഛിക്കാത്ത നിസ്വാർത്ഥമായ സ്നേഹം തന്നെയാണ് എല്ലാ ബന്ധങ്ങളുടെയും ജീവിതത്തിന്റെയും കാതലും പ്രമാണവും. അതിന്റെ പൊരുൾ തിരിച്ചറിഞ്ഞ്, അതിന്റെ വെളിച്ചത്തിൽ നമുക്കും ജീവിക്കാം. ■

# BRINGING UP CHILDREN

**Mamman Abraham** - H.R. Trainer

Are you a true "trustee" of your children?. Not much parents will be able to answer this question positively. Before answering that, one has to ask oneself "Am I a real Christian? If so, how will anyone come to know of it?". A real Christian will be known by his deeds. He will turn out to be a real parent, a real "trustee" of children.

For bringing up children in the right direction, parents should give them unconditional love which should be felt by children. Then they will know that parents love them so much even when they scold or punish them. We compete to build big houses but fail to build homes - home sweet home. A child can grow only in a home where harmony between parents is the rule and love flows unconditionally.

Parents have to be good emphathetic listeners listening with brain and heart and spending enough time with children. Then children will open up their minds. Then be assured that they will be with you when you need them the most during your old age. If not, a time will come say by 12 or 13 years age when children stop communicating with parents.' Yes' or 'No' alone will be their answers to all your queries. Reason- when they as kids wanted your presence, time and attention, you were too busy making wealth for children.

More than your bank balance and wealth, children give more importance to what they make by themselves. What they expect from you the most are proper guidance, correction and direction and not wealth.

Make your children understand the sacrifices you make. Then they will become your biggest supporters. Teach the value of even a single paise. Children respect parents who make reasonable restrictions in spending money. You can see your children grow up with great maturity in money matters.

Would you love your children to be like ' broiler chicken?'. If not, allow them to do things by themselves and also make mistakes. From mistakes they learn provided you point out what went wrong and give them right options to choose.

Teach children values by your actions. If a girl who told her parents the truth that she broke a glass is scolded or punished, are we not crucifying her for telling a truth ?. Will she ever tell truth in future ?. What values do we teach by this ?

In old age, parents should feel that they have played their role as true the 'trustee' of their children and children should feel that they had wonderful parents. Parents - try, try, try- without trying, nothing is possible. Yes, you can become a wonderful parent provided you try. It is not too late for 'you' and 'me' to try and prove it. ■

## OVBS 2009

നമ്മുടെ ഇടവകയിലെ കുട്ടികൾക്കായുള്ള ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ 2009 ഏപ്രിൽ 20 മുതൽ 25 വരെ തീയതികളിലായി ഏറ്റവും ഭംഗിയായി നടത്തപ്പെട്ടു. 20 ന് രാവിലെ 9.30ന് ബ. വികാരി, സഹവികാരിയുടെ സാന്നിദ്ധ്യത്തിൽ OVBS പതാക ഉയർത്തി. 10 ക്ലാസുകളിലായി 131 കുട്ടികളും 11 അദ്ധ്യാപകരും അടങ്ങിയ ക്ലാസുകളുടെ പ്രവർത്തനോൽഘാടനം ബ. വികാരി നിർവ്വഹിച്ച് ആമുഖധ്യാനവും നടത്തി. ബ. ഷിബു അച്ചനാണ് പൂർണ്ണമായും ഗാനപരിശീലനം നടത്തിയത്. ശ്രീ. Y. വർഗ്ഗീസ്, ശ്രീ. ബെന്നി പോൾ എന്നിവരും ഓരോദിവസം ഗാനം അഭ്യസിപ്പിച്ചു.

ഈ വർഷത്തെ ചിന്താവിഷയം ദൈവം ഏവർക്കും സമീപസ്ഥൻ. "The Lord is near to all" (സങ്കീർത്തനം 145.18) ആയിരുന്നു. 23-ാം തീയതി കുട്ടികളും അദ്ധ്യാപകരും ചേർന്ന് കോടനാട് - മലയാറ്റൂർ ഭാഗത്തേക്ക് വിനോദയാത്ര നടത്തി. 24ന് കുട്ടികൾക്കായുള്ള സ്നേഹവിരുന്നും നടന്നു. 25ന് രാവിലെ എല്ലാ കുട്ടികളും അദ്ധ്യാപകരും, പ്രവർത്തകരും ഒന്നിച്ച് വി.കുർബ്ബാന അനുഭവിച്ചു. ഉച്ച തിരിഞ്ഞ് ക്വിസ് മത്സരം, ഗെയിംസ്, റാലി, ബ. ഷിബു അച്ചന്റെ അദ്ധ്യക്ഷതയിൽ പൊതു സമ്മേളനം, കുട്ടികൾക്കും അദ്ധ്യാപകർക്കുമുള്ള സർട്ടിഫിക്കറ്റ് വിതരണം, സമ്മാനദാനം എന്നിവയോടെ OVBS സമംഗളം സമാചരിച്ചു.

എല്ലാ ദിവസവും മൂന്നുനേരം ഭക്ഷണത്തിനും, പാഠപുസ്തകം, പാട്ടുപുസ്തകം, മെറ്റീരിയൽസ്, സ്റ്റേഷനറി, മറ്റു പലവക ഇനങ്ങൾ എന്നിങ്ങനെയുള്ള ഭാരിച്ച ചെലവുകൾക്കുമായി പണമായും ഭക്ഷണമായും നൽകി സഹായിച്ച ഇടവകയിലെ എല്ലാ മഹത് വ്യക്തികളോടുമുള്ള നന്ദിയും സ്നേഹവും OVBS പ്രവർത്തകരുടെ നാമത്തിൽ അർപ്പിക്കുന്നു. ബ. അച്ചന്മാർ രണ്ടുപേർക്കും, ഒപ്പം സഹായിച്ച്, സഹകരിച്ച് വിജയിപ്പിച്ച എല്ലാവർക്കും നന്ദി.

OVBSന്റെ വരവുചെലവു കണക്ക് പള്ളിയുടെ നോട്ടീസ് ബോർഡിൽ പതിച്ചിട്ടുണ്ട്.

ഇടവകയിലെ സണ്ടേ സ്കൂളുകൾ മദ്ധ്യവേനലവധി കഴിഞ്ഞ് ജൂൺ 7ന് തുറന്നു പ്രവർത്തിക്കുന്നതാണ്.

OVBSകമ്മറ്റിക്കുവേണ്ടി,
കൺവീനർ, ജി. മാത്യു.

2008 ഡിസംബറിൽ നടന്ന സൺഡേസ്കൂൾ 10-ാം ക്ലാസ് പരീക്ഷയിൽ പ്രിയാ സൂസൻ പോൾ, ജിനു സാറാ ജോൺ, വിൽനാ ടി. വിൽസൺ, എമിൽ എം. ജോർജ് എന്നിവർ വിജയം വരിച്ചു



പ്രിയാ സൂസൻ പോൾ
D/O ഡാലസ് ചെറിയാൻ



ജിനു സാറാ ജോൺ
D/O ജോൺ ഫിലിപ്പോസ്



വിൽനാ ടി. വിൽസൺ
D/O തോലത്ത് വിൽസൻ



എല്ലാമാസവും നമ്മുടെ പള്ളിയിൽ നിന്ന് ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഏപ്രിൽ മാസത്തെ വിതരണം, ഡോ യാക്കൂബ് മാർ ഐറേനിയസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചപ്പോൾ. വികാരി ഫാ. എടമ്പാടം, അസി. വികാരി, ഷിബു കെ. ജോസ്, ഡോ. റോസി, RMO ഡോ. അരുവി, ട്രസ്റ്റി കെ.കെ. ജോർജ്ജ് എന്നിവർ സമീപം.

## കുടുംബ വിശേഷങ്ങൾ

# അഭി. ഡോ. യാക്കൂബ് മാർ ഐറേനിയസ് തിരുമേനിക്ക് സ്വീകരണം







കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായി ചാർജ്ജെടുത്ത അഭി. ഡോ. യാക്കൂബ് മാർ ഐറേനിയസ് തിരുമേനിക്ക് എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ആഘോഷപൂർണ്ണമായ സ്വീകരണം നൽകി. മെയ് 2-ാം തീയതി ശനിയാഴ്ച വൈകിട്ട് 6 മണിക്ക് പള്ളി കവാടത്തിൽ എത്തിയ തിരുമേനിയെ ബാന്റ് മേളം, കത്തിച്ച മെഴുകുതിരി, മുത്തുക്കുട എന്നിവകളുടെ അകമ്പടിയോടെ കത്തീഡ്രലിലേക്ക് ആനയിക്കുകയും, തിരുമേനിയുടെ കാർമ്മികത്വത്തിൽ സന്ധ്യാപ്രാർത്ഥന നടത്തുകയും ചെയ്തു.

തുടർന്ന് നടന്ന സ്വീകരണ യോഗത്തിൽ റിട്ട. ജസ്റ്റിസ് ജോൺ മാത്യൂ ആദ്ധ്യക്ഷം വഹിച്ചു. വികാരി ഫാ. ഏബ്രഹാം ഇടമ്പാടം സ്വാഗതം പറഞ്ഞു. ബഹു. കേരളാ ഹൈക്കോടതി ജഡ്ജി ശ്രീ. കെ. സുരേന്ദ്രമോഹൻ, ഒല്ലൂർ അസംബ്ലി നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. രാജാജി മാത്യൂ, സഭാ ആത്മായ ട്രസ്റ്റി ശ്രീ. എം.ജി. ജോർജ്ജ്, കൊച്ചിൻ കോർപ്പറേഷൻ കൗൺസിലർ കെ.വി. കൃഷ്ണകുമാർ എന്നിവർ ആശംസകൾ അറിയിച്ചു. ട്രസ്റ്റി. ശ്രീ. കെ.കെ. ജോർജ്ജ് നന്ദി പ്രകാശിപ്പിക്കുകയുണ്ടായി. ഇടവകയുടെ ഉപഹാരം ഇടവകാംഗവും മുൻ വികാരിയുമായ ബ. ഫാ. ഒ.വി. ഏലീയാസ് തിരുമേനിക്ക് സമ്മാനിക്കുകയുണ്ടായി. വിവിധ ആത്മീയ സംഘടനകളെ പ്രതിനിധീകരിച്ച് ശ്രീമതി മായാ മാത്യു, സർവ്വശ്രീ. ജി. മാത്യൂ, ഡാലസ് ചെറിയാൻ, മിസ് മിറിൽ ഏബ്രഹാം എന്നിവരും, ഇടവകയെ പ്രതിനിധീകരിച്ച് പള്ളിയിൽ ആദ്യം മാമോദീസ മുങ്ങിയ ഡോ. ഫിലിപ്പ് കോശിയും, കുന്നംകുളം ഓർത്തഡോക്സ് ക്രിസ്റ്റ്യൻ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ഇട്ടൂപ്പ് സി. ചുങ്കത്തും ഹാരാർപ്പണം നടത്തുകയുണ്ടായി. ■

### മാമോദീസ

1) പനക്കൽ ശ്രീ. സോണിയുടെയും ശ്രീമതി സുമയുടെയും മകൻ സാറാഫിന്റെ മാമോദീസ 18.4.2009 ൽ കത്തീഡ്രലിൽ നടന്നു.
2) അയ്യംകുളങ്ങര ശ്രീ നിക്സന്റെയും ശ്രീമതി സിസ്സിയുടെയും മകൾ അന്നയുടെ മാമോദീസ 19.4.2009 ൽ കത്തീഡ്രലിൽ നടന്നു.

**ഈ പൈതങ്ങൾ ദൈവകൃപയിൽ വളരട്ടെ!**

### വിവാഹം

ഈ ഇടവകയിൽ പനമ്പിള്ളി നഗർ ചിറമേൽ ശ്രീ. കോശി ചെറിയാന്റെയും ശ്രീമതി ലൈല കോശിയുടെയും മകൻ തോമസ് ചെറിയാൻ കോശിയും ബാംഗ്ലൂർ മഹേശ്വരം ഹിമഗിരി അപാർട്ടുമെന്റിൽ ശ്രീ. ബാബു മാത്യൂവിന്റെയും ശ്രീമതി ആനി കുര്യന്റെയും മകൾ ജ്യോതി മാത്യൂവും തമ്മിലുള്ള വിവാഹം 20-4-2009 ൽ കത്തീഡ്രലിൽ നടന്നു.

**വധൂവരന്മാർക്ക് മംഗളാശംസകൾ!**

### നിര്യാതയായി

എറണാകുളം മാർക്കറ്റ് റോഡ് കോമ്പാറ വാഴപ്പള്ളിയിൽ മിസ്സിസ്സ് ബേബി ഇട്ടൂപ്പ് (69) 22.4.09 ൽ നിര്യാതയായി. 23.4.2009 ൽ ചിറ്റൂർ സെമിത്തേരി കല്ലറയിൽ അടക്കം ചെയ്തു.

**കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.**

*Sponsored by:*

***P.O. Abraham & Co.***

Ernakulam, Cochin-682011

### OVBS 2009





Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin

**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***